## അന്തർസംസ്ഥാന തമിഴ് വാഹന മോഷണ സംഘം പിടിയിൽ

സംസ്ഥാനത്തിന് അകത്തും പുറത്തും വിവിധ സ്ഥലങ്ങളിൽ റോഡ് അരികുകളിൽ പാർക്ക് ചെയ്തിരുന്ന ലോറികൾ രാത്രി കാലങ്ങളിൽ വ്യാപകമായി മോഷണം നടത്തി വന്നിരുന്ന സംഘമാണ് പിടിയിലായിരിക്കുന്നത്. കേരള തമിഴ്നാട് പോലീസിന്റെ സംയുക്തമായ നീക്കത്തിലൂടെയാണ് ഈ തസ്കര സംഘത്തെ അകത്താക്കാനായത്. വാഹന മോഷണത്തിനും, മറ്റ് കുറ്റകൃത്യങ്ങൾക്കും തമിഴ്നാട് കർണ്ണാടക, മഹാരാഷ്ട്ര, ഗോവ എന്നീ സംസ്ഥാനങ്ങളിലായി 200-ൽ അധികം കേസ്സുകളുള്ള ബോംബേ മണികണ്ഠൻ എന്ന മണികണ്ഠനേയും സംഘാംഗങ്ങളുമാണ് പിടിയിലായത്. തിരുവനന്തപുരം ജില്ലയിലെ പേട്ട പോലീസ് സ്റ്റേഷൻ പരിധിയിലെ ആക്കുളം എന്ന സ്ഥലത്ത് പാർക്ക് ചെയ്തിരുന്ന ടിപ്പർ ലോറി, മംഗലപുരം പെട്രോൾ പമ്പിന് സമീപവും, ആഡിറ്റോറിയത്തിന് സമീപത്തുമായി പാർക്ക് ചെയ്തിരുന്ന ലോറികൾ മോഷണം പോയത് അന്വേഷിച്ച തിരുവനന്തപുരം റൂറൽ ഷാഡോ ടീമിന്റെ അന്വേഷണത്തിലാണ് മോഷണം നടത്തിയത് മണികണ്ഠന്റെ നേതൃത്വത്തിലാണ് മോഷണം നടത്തിയത് എന്ന് വെളിവായത്. സംസ്ഥാനത്തിനകത്തും, പുറത്തും നടന്ന മിക്ക ലോറി മോഷണങ്ങളുടേയും പിന്നിൽ ഈ സംഘമാണെന്ന് അന്വേഷണ സംഘത്തിന് വ്യക്തമായ സൂചന ലഭിച്ചിട്ടുണ്ട്. കേരള പോലീസിന്റെ സഹായത്താടെ കോയമ്പത്തൂർ റൂറൽ ജില്ലയിലെ കാരമടൈ പോലീസ് സ്റ്റേഷനിൽ അറസ്റ്റ് ചെയ്ത് മണികണ്ഠനെ ആറ്റിങ്ങൽ ASP ആർ.ആദിത്യ.I.P.S-ന്റെ നേതൃത്വത്തിൽ ഷാഡോ സംഘം വിശദമായി ചോദ്യം ചെയ്തതിൽ നിന്നും 2016 ഏപ്രിൽ മാസത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ നിന്നും ഷാഹുൽ ഹമീദിന്റെ ഉടമസ്ഥതയിലുള്ള മാരുതി കാർ മോഷണം ചെയ്തെടുത്ത് അതിൽ വ്യാജ നമ്പർ പതിച്ച് കറങ്ങി നടന്നാണ് മോഷണം ചെയ്യേണ്ട ലോറികൾ കണ്ടെത്തിയിരുന്നത്. മംഗലപുരത്ത് പാർക്ക് ചെയ്തിരുന്ന കുളത്തൂർ സ്വദേശി സിയാജിന്റെ ടിപ്പർ ലോറിയും, പേട്ടയിൽ പാർക്ക് ചെയ്തിരുന്ന കരിക്കകം സ്വദേശി പ്രകാശിന്റെ ടിപ്പർ ലോറിയും, മംഗലപുരത്ത് പാർക്ക് ചെയ്തിരുന്ന സുനിൽ കുമാറിന്റെ ടോറസ് ലോറിയും, തൃശൂർ ഒല്ലൂർ സ്വദേശിയുടെ ടിപ്പർ ലോറിയും മോഷണം ചെയ്തത് ഇവരാണെന്ന് സമ്മതിച്ചിട്ടുണ്ട്. മോഷണം ചെയ്തെടുത്ത ലോറികളെല്ലാം ടോൾ ബൂത്തുകളും പോലീസിന്റെ ചെക്ക് പൊസ്റ്റുകളും ഒഴിവാക്കി ഇടറോഡുകളുലൂടെ തമിഴ്നാടിന്റെ വിവിധ സ്ഥലങ്ങളിൽ എത്തിച്ചിരുന്നത് ഒഡീഷ സ്വദേശി മൈക്കിൾ എന്ന് വിളിക്കുന്ന മനോജ് തിർക്കിയാണെന്നും തെളിഞ്ഞിട്ടുണ്ട്. മണികണ്ഠൻ പിടിയിലായ വിവരം അറിഞ്ഞ് മുങ്ങിയ മൈക്കിളിനെ പിടി കൂടുന്നതിനായി അന്വേഷണ സംഘം ഒഡീഷയിലെത്തിയിട്ടുണ്ട്. രണ്ട് ദിവസത്തിനകം മൈക്കിളിനെ പിടികൂടാനാകുമെന്ന ഉറച്ച് വിശ്വാസത്തിലാണ് അന്വേഷണ സംഘം. മണികണ്ഠൻ മോഷ്ടിച്ചെടുക്കുന്ന വാഹനങ്ങൾ തിരുനൽവേലിയിലെ ശെൽവൻ എന്ന് വിളിക്കുന്ന തമിഴ് ശെൽവൻ മുഖാന്തിരം തിരുനൽവേലി സമാധാനപുരത്തുള്ള പളനി മുഖേനയാണ് മറിച്ച് വിൽപ്പന നടത്തിയിരുന്നത്. മണികണ്ഠൻ പിടിയിലായതറിഞ്ഞ് മോഷണം ചെയ്തെടുത്ത ലോറികൾ പളനി, കേരളത്തിനകത്തുള്ള ഒളി സങ്കേതങ്ങളിൽ ഒളിപ്പിക്കുന്നതിനിടെ മംഗലപുരത്ത് നിന്നും മോഷ്ടിച്ചെടുത്ത ലോറിയുമായി ഇന്ന് വെളുപ്പിന് പളനി

പോലീസ് പിടിയിലാകുന്നത്. പളനിയെ കൂടുതൽ ചോദ്യം ചെയ്തതിൽ നിന്നും പേട്ടയിൽ നിന്നും മോഷണം ചെയ്തെടുത്ത ലോറി കോവളം ബൈപ്പാസിന് സമീപത്ത് നിന്നും കണ്ടെത്തിയിട്ടുണ്ട്.

4 വർഷങ്ങൾക്ക് മുമ്പ് നിരവധി കേസ്സുകളിൽ പ്രതിയായ മണികണ്ഠനെ മുട്ടിന് താഴെ വെടിവച്ചാണ് തമിഴ് നാട് പോലീസിന് പിടികൂടാനായത്. ജയിൽ മോചിതനായ മണികണ്ഠൻ വീണ്ടും വാഹന മോഷണങ്ങൾ നടത്തി കോടിക്കണക്കിന് രൂപയുടെ ആസ്തിയാണ് സമ്പാദിച്ചത്. കന്യാകുമാരി ജില്ലയിലെ തക്കലയിൽ 4 കോടിയോളം രൂപ വിലവരുന്ന വീടും, തെങ്കാശിയിലും, മുംബയിലും വിവിധ ഭാഗങ്ങളിൽ മണികണ്ഠന്റെ പേരിൽ വസ്തുവകകൾ ഉണ്ട്.

ആറ്റിങ്ങൽ CI എം.അനിൽ കുമാറിന്റെ നേതൃത്വത്തിൽ ഷാഡോ ടീം അംഗങ്ങൾ തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിൽ ആഴ്ചകളോളം താമസിച്ച് മണികണ്ഠനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് തമിഴ്നാട് പോലീസിന്റെ സഹായത്തോടെ മണികണ്ഠനേയും കൂട്ടാൾകളേയും അറസ്റ്റ് ചെയ്ത് മോഷണ വാഹനങ്ങൾ കണ്ടെടുത്തത്. തിരുവനന്തപുരം ജില്ലയിൽ സമീപകാലത്ത് നടന്ന എല്ലാ ലോറി മോഷണങ്ങളും കണ്ടെത്താനായിട്ടുണ്ട്.

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി പി.അശോക് കുമാർ.I.P.S-ന്റെ നേതൃത്വത്തിൽ ആറ്റിങ്ങൽ ASP ആർ.ആദിത്യ.I.P.S, ഷാഡോ DySP അശോകൻ, ആറ്റിങ്ങൽ CI എം.അനിൽ കുമാർ, ആറ്റിങ്ങൽ SI തൻസീം അബ്ദുൽ സമദ്, മംഗലപുരം SI ബി.ജയൻ, ഷാഡോ SIമാരായ പ്രശാന്ത്, സിജു.കെ.എൽ.നായർ, ASI ഫിറോസ്, ടീം അംഗങ്ങളായ ദിലീപ്, ബിജുകുമാർ, റിയാസ്, ജ്യോതിഷ്, സുനിലാൽ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രതികളെ അറസ്റ്റ് ചെയ്തത്.